**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1309** **30-08-2022 - ൽ മറുപടിയ്ക്ക്**

**തീർത്ഥാടന ടൂറിസം സർക്യൂട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തീർത്ഥാടന ടൂറിസം സർക്യൂട്ടുകൾ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി 'തത്വമസി' എന്ന പേരിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 'ശ്രീപത്മനാഭ- ആറന്മുള ആസ് എ സ്പിരിചൽ സർക്യൂട്ട്' എന്ന പദ്ധതിയും പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ അമ്പലത്തിന്റെ വികസന പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 'ശബരിമല – എരുമേലി – പമ്പ – സന്നിധാനം ആസ് എ സ്പിരിചൽ സർക്യൂട്ട്' പദ്ധതിയും 'ഡെവലപ്മെന്റ് ഓഫ് സ്പിരിചൽ സർക്യൂട്ട് - ശിവഗിരി ശ്രീ നാരായണ ഗുരു ആശ്രമം – അരുവിപ്പുറം – കുന്നുംപാറ ശ്രീ സുബ്രമണ്യ – ചെമ്പഴന്തി ശ്രീ നാരായണ ഗുരുകുലം ഇൻ കേരള' എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി മലയാറ്റൂർ സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈൻ, ചേരമാൻ ജുമാ മസ്ജിദ്, പെരുമ്പാവൂരിലെ റിലീജിയസ് സെന്ററുകളുടെ വികസനം എന്നീ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | നടപ്പ് വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ഉൾപ്പെടുന്ന തീർത്ഥാടന ടൂറിസം സർക്യൂട്ട് പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം അറിയിക്കാമോ? | (ബി) | പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ടൗണിനു സമീപം ശബരിമല തീർത്ഥാടകർക്കായി പ്രവർത്തിച്ചു വരുന്ന ഡി.ടി.പി.സിയുടെ ഉടമസ്ഥതയിലുള്ള പിൽഗ്രിം അമിനിറ്റി സെന്ററിൽ 'ഏരുമേലി പിൽഗ്രിം ഹബ്ബ് ' എന്ന പദ്ധതിയ്ക്കായി 2 കോടി രൂപയുടെ ഭരണാനുമതി നല്കി പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ നിലവിൽ ടി സെന്ററിന്റെ മെയിൻ ബ്ലോക്ക് കെട്ടിടം, ഡോർമെറ്ററികൾ, ടോയിലെറ്റ് ബ്ലോക്ക് എന്നിവയുടെ കാലപ്പഴക്കം മൂലം ഉണ്ടായ അറ്റകുറ്റപ്പണികൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | നടപ്പ വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ അടങ്കൽ തുകയുള്ള 'പൂഞ്ഞാർ മണ്ഡലത്തിലെ ടൂറിസം സർക്യൂട്ട് 24 ടൂറിസം കേന്ദ്രങ്ങളുടെ വികസനം' എന്ന പ്രവൃത്തിയ്ക്കായി ഈ വർഷം 100 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ